'കർമ്മെലകുസുമ'ഗ്രന്ഥാവലി. നമ്പർ ൮.

# ദിവ്യകാരുണ്യ

# കീർത്തനങ്ങൾ.

(ഫാദർ സൈമൺ സി. ഡി. എഴുതിയതു്.)

MANNANAM:

PRINTED AT THE ST. JOSEPH'S PRESS,

1921.

# സംഗതി വിവരം.


I. ദിവ്യകാരുണ്യ സന്ദർശനം. പെയിജ്.

II. ദിവ്യകാരുണ്യസ്വീകരണം.

i. ആസ്തപ്പാട്.

1. എളിമപ്രകരണങ്ങൾ. 3.
2. മനസ്താപപ്രകരണങ്ങൾ. 4.
3. പ്രതീക്ഷപ്രകരണങ്ങൾ. 5.

ii. ഉപകാരസ്മരണ.

1. സ്വാഗതം. 5.
2. സ്തോത്രം. 6.
3. പ്രാർത്ഥന. 7.

III. അനുതാപസങ്കീർത്തനങ്ങൾ.

1. ആറാംസങ്കീർത്തനം. 8.
2. മുപ്പത്തിരണ്ടാം സങ്കീർത്തനം. 9.
3. മുപ്പത്തെട്ടാം സങ്കീർത്തനം. 10.
4. അൻപത്തൊന്നാം സങ്കീർത്തനം. 12.
5. നൂററിരണ്ടാം സങ്കീർത്തനം. 14.
6. നൂററിരുപത്തൊമ്പതാം സങ്കീർത്തനം. 16.
7. നൂററിനാല്പത്തിരണ്ടാം സങ്കീർത്തനം. ”



**Nihil obstat.**

FR. ALEXANDER, of St. Joseph C. D.

Censor Deputatus.

**Imprimatur.**

† Thomas Kurialachery,

Bishop & Vic. Ap. of

8th July 1919. Changanacherry

# ദിവ്യകാരുണ്യ

# കീർത്തനങ്ങൾ.

## I. ദിവ്യകാരുണ്യ സന്ദർശനം.

(ഡെയിലി, ഡെയിലി, സിങ്ങ് ടുമേറി)

വന്നിതാ ഞാനെൻറയീശോ
നിന്നുടെ പാദങ്ങളിൽ
നിന്നെയാരാധിച്ചു വണ-
ങ്ങുന്നതിന്നായിട്ടിഹ. 1

എന്നുടെയാത്മാവിലുള്ള
നന്ദിതേടാനല്ലയോ
വന്നു നീയീസ്നേഹപാശം
തന്നിൽ വാണീടുന്നതു? 2

വേണ്ടപോലെ നീയെടുത്തു-
കൊണ്ടിടേണമായതു
ആണ്ടവനേ! ഞാൻ തുറന്നു
കൊണ്ടുവന്നേനുള്ളിതാ! 3

വിലയേതും വേണ്ട നാഥാ!
നലമോടു നിന്നെ ഞാൻ
മേലിലേശ്ശും സ്നേഹിച്ചീടാ-
നലിവേകിയാൽ മതി. 4

അഴൽനിനക്കേകിയോരെൻ
പിഴയാകെപ്പോക്കുക.
കഴുകിനിൻ ചോരയാലേ
യഴകാക്കീടുകമാം 5

മരിച്ചാലുമൊരുനാളും
പിരിഞ്ഞീടാതെന്നെനിൻ
പരിശുദ്ധ സ്നേഹത്താലേ
വരിഞ്ഞു നീ കെട്ടുക 6

ജ്ഞാനസൗഖ്യം കൈവെടിഞ്ഞ
ഹീനമേറും പാപിയെ
മാനസംതെളിഞ്ഞുകൈക്കൊൾ-
വാനപേക്ഷിക്കുന്നിതാ. 7

കൈവിടൊല്ലാ സർവ്വനാഥാ!
നീ വിചാരിച്ചീടണേ
ഹാ! വിലയെന്തേകി നീ, യെ-
ന്നീവിധംമേ വാങ്ങുവാൻ. 8

നന്ദിഞാനിന്നന്തമെന്ന്യേ
ചൊന്നിടുന്നു ദൈവമേ
എന്നിൽ സ്നേഹത്തോടു ചെയ്തു
വന്നിടുന്ന കൃപയ്ക്കായ് 9

എററിശ്ശുമെന്നാളുകൾക്കും
കണക്കുകൂടാതെ നീ
അണച്ചീടും നന്മകൾക്കായ്
നിനക്കിതാ വന്ദനം! 10

ഇരക്കുന്നു പാപി ഞാനീ
തിരുസ്സക്രാരിയിങ്കൽ
കുറശ്ശില്ലെ മേലിലും നിൻ
കരുണ നീ ഞങ്ങളിൽ. 11

ചിന്തവാക്കു ക്രിയകളാ
ലന്തരമേശാതിവർ
നിൻതിരുനാമം പുകഴ്ത്താൻ
സന്തതവും തുണയ്ക്കു.

എത്രപേർ നിൻതൊഴുത്തിങ്ക-
ലിത്രനാളായിട്ടുമേ.
എത്തിടാതെ കിടക്കുന്നു
ശത്രുവിൻെറ കോട്ടയിൽ? 13

എത്രയോപേർ കഷ്ടമയ്യോ!
ചിത്രമായ നിൻസഭ
തീർത്തുപേക്ഷിച്ചങ്ങുമിങ്ങും
പാർത്തിടുന്നു പൂർത്തരായ്. 14

ശങ്കയെന്യേ പാപത്താൽനിൻ
ശങ്കിനേ തുളച്ചിടാൻ
പങ്കരാജകിങ്കരന്മാർ
സങ്കടമേ!യെത്രപേർ!! 15

ഒന്നിച്ചുനിൻ സന്നിധിയി-
ലെന്നുമേ വാണീടുവോർ
നിന്നെ ദ്രോഹിക്കുന്നിതല്ലോ
മന്ദജീവിതത്തിനാൽ 16

ഏവമുള്ളോരാടുകളെ
ദിവ്യമേഷപാലകാ!
ജീവനേകും നിൻെറ സ്നേഹ
മാർവ്വിനുള്ളിലാക്കുക. 17

കുററമവർ കണ്ടറിഞ്ഞു
തെററത്താലേ കരഞ്ഞു
ഉററവരായിത്തിരിഞ്ഞു
പററണേ നീ കനിഞ്ഞു. 18

ജയംനിൻെറ സഭക്കേവം
ദയമോടേ നൽകുക
ഭയമെന്യേ പാലകരേ
ദയവോടേ കാക്കുക 19

യുദ്ധവും വൈരവും നീങ്ങി
ബദ്ധസ്നേഹത്തോടിനി
ഇദ്ധരാവാസികളെല്ലാം
സിദ്ധമോദം വാഴണേ. 20

മരണനേരത്തിലിപ്പോൾ
നരകസേനയുമായ്
ഘോരമാം പോർചെയ്തിടുന്ന
നരരേ നീ തുണയ്ക്കു. 21

എരിയുന്നബന്ധനത്തിൽ
പൊരിഞ്ഞിടും ദാസരാം
മരിച്ച വിശ്വാസികളെ
പരിചോടു രക്ഷിക്ക 22

കാന്തിയേററം ചൊരിയുന്ന
നിൻതിരുമുഖമവർ
അന്തികേ വന്നാസ്വദിപ്പാൻ
ചിന്തിയാലും നിൻകൃപ. 23

ആരൊക്കെയെൻ പ്രാർത്ഥനയെ
കരുതിപ്പാർത്തിരുപ്പൂ
ആരൊടൊക്കെയപേക്ഷിപ്പാൻ
ചാരുവാക്കു കൊടുത്തു 24

അവർക്കൊക്കെയിന്നു നിൻെറ
ദിവ്യമാം കൈതുറന്നു.
ജവമോടേനുഗ്രഹം
സർവ്വനാഥാ! പൊഴിക്ക 25

അടിയനിന്നിനിയിപ്പോൾ
വിടകൊണ്ടീടട്ടെയോ?
ഇടപോലെ പിന്നെഞാൻ വ-
ന്നിടുവേനിങ്ങീവിധം 26

പോകുംമുമ്പുണ്ടെനിക്കൊന്നാ — ലേകകാര്യം ചെയ്യുവാൻ
ഹാ! കർത്താവേ!യതിനും നീ നൽകിടേണേ സമ്മതം 27

ഞാൻ വരുന്നവരേയെൻെറ
പാവപ്പെട്ട ഹൃദയം
ജീവനാഥാ! കാക്കണേ നിൻ
പാവനമാം കൈകളിൽ. 28

ഉള്ളം നിൻെറ കയ്യിലായാ-
ലെല്ലോളം വേണ്ടാകുലം
ഉള്ളതോർത്താൽ ചതിപ്പതി-
ക്കള്ളനത്രേ മർത്ത്യരേ. 29

നന്മപൂണ്ട മറിയമേ!
ഞാനടങ്ങട്ടിനി നീ
സന്മനോബലമൊത്തെനിക്കായ്
നിന്മകനേ സ്തുതിക്ക. 30

പരിശുദ്ധാത്മാക്കളേയി-
ന്നെരിയുമിച്ചൂളതൻ
അരികത്തു വീശിനിന്ന-
ങ്ങെരിയിപ്പിൻ മേല്ക്കുമേൽ 31

ആയുസ്സേകുമിപ്പരമ
ശ്രീയുടെ വൻജ്വാലകൾ
ഈയുലകിലെങ്ങും പൊങ്ങി
പ്പായുമാറാക്കിടുവിൻ 32

ഇനിയെന്നെ വിട്ടയയ്ക്ക
കനിവേറും നായക!
തനിയേപോകാതെവാഴ-
വെനിക്കു കൂട്ടേകുക. 3;

## II. ദിവ്യകാരുണ്യസ്വീകരണം.

### i. ആസ്ഥപ്പാട്.

### 1. എള്മപ്രകരണങ്ങൾ.

(ഉണ്ണി! നീയാരെന്നെന്നെയറിയിക്കണേ.)

എന്തോരാശ്ചര്യസംഭവമാണിതഹോ!
പാപിയാമെന്നുള്ളിൽ രാജാധിരാജൻ വരുമിന്നു.

1 വാക്കൊന്നിൻമൂലമീ ദിക്കാകെ നിർമ്മിച്ച
ശില്പ്പാരൻ താനല്ലയോ— ഇന്നു
ഇക്കാണും നീചമാമുൾക്കാമ്പിലന്പോടേ
പാർക്കാനെഴുന്നെള്ളുന്നു. എന്തോരാശ്ചര്യ.

2 മിന്നുന്നസൂര്യനേ വെല്ലുന്ന ശോഭയാൽ
മുന്നമേ താബോറതിൽ— തൻെറ
ഉന്നതശിഷ്യരേ സംഭ്രമിപ്പിച്ചൊരു
നാഥനല്ലോ വരുന്നു. എന്തോരാശ്ചര്യ.

3 ആരാണു ഞാനെന്നും നീയാരെന്നുള്ളതും
നേരായ് നിനച്ചിടുമ്പോൾ— അയ്യോ!
പാരംകലങ്ങുന്നു കാരുണ്യവാരിധേ!
നീയെന്നെത്താങ്ങിടേണേ! എന്തോരാശ്ചര്യ.

4 എന്നുടെ നാഥനെന്നുള്ളത്തിലിന്നിഹ
വന്നിടാനുള്ള ഭാഗ്യം— മഹാ
നന്ദികെട്ട വെറുംനീചപ്പുഴുവിനി—
തെങ്ങിനെ സിദ്ധമാകും? എന്തോരാശ്ചര്യം-
5 നിർമ്മല സൎവ്വേശ്വ നിൻെറ വാസത്തിനു
ചിന്മയാ! യോഗ്യമല്ല— പിന്നെ
എന്മനസ്സാകുന്ന പാപക്കുഴിയിൽ നീ—
യെങ്ങിനെവന്നുവാഴും? എന്തോരാശ്ചര്യം-

## 2. മനസ്താപപ്രകരണങ്ങൾ.

(യാദാ ഹ്ശാവേ ദ്കൊലഹോൻ ബ്നൈനാശാ)

കാരുണ്യവാനാമീശോ രാജാവേ—
യാരുള്ളഹോ മേ സങ്കേതംവേറെ
ക്രൂരോടെന്നേ നീവന്നു രക്ഷിച്ചീടേണേ.
പാപംഞാനയ്യോ! ചെയ്യുന്നസംഖ്യം
ശാപത്തിന്നേററം പാത്രീഭവിച്ചു
കൃപതേടാനായിട്ടു വന്നീടുന്നിപ്പോൾ. കാരുണ്യ-
2 സൃഷ്ടികളേ പ്രസാദിപ്പിച്ചീടാൻ
സ്രഷ്ടാവിനോടു ദ്രോഹങ്ങൾചെയ്യുൻ
കഷ്ടംകഷ്ടമെന്തോരുഭോഷൻ ഞാനയ്യോ! കാരുണ്യ-
3 ആശാപാശങ്ങൾക്കാധാരമായി
നാശത്തിൻമാൎഗ്ഗേ ഞാൻ സഞ്ചരിച്ചു!
ഈശോ നിൻെറമുമ്പാകെയെപ്പിന്നുംനില്ക്കും? കാരുണ്യ-
4 നന്ദിക്കനന്ദി കാണിച്ചീടാതെ
പന്നിക്കുതുല്യം ജീവിച്ചോരീ ഞാ—
നിന്നുനിന്റെ മുമ്പാകെയെപ്പിന്നുംനില്ക്കും? കാരുണ്യ.
5 ധൂളിമാനായ പുത്രനും നൽകി
ചീളന്നുനിൻെറ സ്നേഹാവകാശം
ഉള്ളംപൊാട്ടിയാകയാൽ വന്നീടുന്നുഞാൻ. കാരുണ്യ.
6 മഗ്ദലേനായേപ്പോലെയിതാഞാ—
നത്യന്തസ്നേഹത്തോടേ വരുന്നു
സ്നേഹത്താലെൻപാപത്തെ കത്തിച്ചീടേണം. കാരുണ്യ.

7 ജീവൻപോയാലും മേലിൽ ഞാൻനിന്നെ
ഹാ! വൻകൃപാലോ ദ്രോഹിക്കയില്ല
നീവന്നെൻപ്രതിജ്ഞയെ പൂർത്തീകരിക്ക. കാരുണ്യ.
9 സംപൂർണ്ണനന്മേ! ഞാൻ മേലിൽനിന്റെ–
യൻപിന്നു വിഘ്നം ചെയ്തീടുംമുമ്പ
എൻപ്രാണൻ കൈവിട്ടീടാൻ തയ്യാറിതാ ഞാൻ. കാരുണ്യ.

## 3. പ്രതീക്ഷപ്രകരണങ്ങൾ.

(വിപ്രേഗോ– ഓജെസു ബോനോ)

വന്നാലും ഓ! പ്രേമനാഥാ!
നിന്നെക്കാണ്മാനാശ
കുന്ദിച്ചീടുന്നു.
1 എന്നീശോ! ഹാസ്നേഹമീശോ
നിന്നെക്കാണാഞ്ഞുള്ളം
ചിന്നിപ്പോകുന്നു. വന്നാലും.
2 എന്തേനീ പൂർണ്ണാനന്ദമേ!
എന്തുകാരണത്താൽ
ഹന്ത! താമസം! വന്നാലും.
3 കർത്താവേ! താമസിക്കേണ്ടാ
ചിത്തം സ്നേഹത്തീയാൽ
കത്തിക്കേറുന്നു. വന്നാലും.
4 അൻപേറുമെൻസ്നേഹമേ! നീ
തുമ്പമൊക്കെ നീക്കാ–
നിമ്പത്തോടേവാ! വന്നാലും.
5 നീണ്ടീടുമാണ്ടുകൾപോലെ
കണ്ടീടുന്നിതയ്യോ!
രണ്ടു മാത്രകൾ. വന്നാലും.

## ii. ഉപകാരസ്മരണ.

### 1. സ്വാഗതം.

(പാടുക പാടുക സീയോൻപുത്രീ)

സ്വാഗതം സ്വാഗതം സ്നേഹത്തോടേ–
യാഗതനായിട്ടും നാഥനിഹ
1 പാടുകെന്നാത്മമേ! കീർത്തനങ്ങൾ
കേടകന്നീശനു പാടുകനീ. സ്വാഗതം.
2 നിന്നുടെ സ്രഷ്ടാവിതാവരുന്നു
നിന്നെ ജീവിപ്പിച്ചു പാലിക്കുവാൻ സ്വാഗതം.
3 കാണുകനിന്നുടെ രക്ഷകൻ താ–
നാണുവരുന്നു തുണച്ചിടുവാൻ സ്വാഗതം.
4 ഉള്ളോണംനിന്നെ വിധിച്ചിടുവാ–
നുള്ളവനാണു വരുന്നതിതാ– സ്വാഗതം.

5 നീയെൻെറ ദൈവവും നാഥനുമാ—
ണായുസ്സും സത്യവും മാർഗ്ഗവുമേ! സ്വാഗതം.
6 ഹാ! എൻെറ സ്നേഹമേ! യാനന്ദമേ!
നീയെൻെറ ഭാഗ്യവുമാശ്രയവും സ്വാഗതം.
7 ശക്തിയുംമുക്തിയും നീയെനിക്കു
ഭുക്തിയും നീതന്നെയീവഴിക്കു. സ്വാഗതം..

## 2. സ്തോത്രം.

(അതിമംഗലകാരണനേ.)

സ്തുതിപാടുവിൻ കൂറൊടിന്നു
സ്തുതിപാടുവിൻ വേഗമിന്നു— മഹാ
സ്നേഹത്തോടെന്നുടെയുള്ളത്തിൽ വന്നിഹ
വാഴുന്ന നായകനു.
1 കൃപാവാരിധി കന്നിയമ്മേ!
തപോനാഥ! യൗസേപ്പുപിതാ!— വിണ്ണിൽ
എണ്ണമില്ലാതുള്ളവണ്ണംവിലസുന്ന
വാനവവൃന്ദങ്ങളേ! സ്തുതിപാടുവി.
2 നഭോമണ്ഡലകുണ്ഡലമേ!
പ്രഭാകാരണ തോരണമായ്— വാനിൽ
ഉന്നതശോഭയാമിന്നുന്ന സൂര്യനും
ചന്ദ്രനക്ഷത്രങ്ങളേ— സ്തുതിപാടുവി.
3 ധരാഗോള സുകാഹളമേ
സ്വരാനന്ദ ശ്രുതിസ്സുസമം— ഭുവി
സ്രഷ്ടാവുതന്നുടെ ശ്രേഷ്ഠമാകും ഗുണം
കാട്ടിടും സൃഷ്ടികളേ— സ്തുതിപാടുവി.
4 ജലാകാരമഹാകരമേ!
നലമൊടിഹ നിന്നകമേ— സദാ
വാഴുന്ന ജീവജാലങ്ങളോടൊത്തുനീ
തോഷിച്ചു കൊട്ടീടുക— സ്തുതിപാടുവി.
5 നന്ദികെട്ടോരു ദുഷ്ടനിവ—
നിന്നോളമല്ല വററവിധം— നിത്യം
കൈക്കൊണ്ടിടുന്നൊരു ചൊല്ക്കൊണ്ട നന്മക—
ളൊക്കെയ്ക്കുമായിട്ടിഹ= സ്തുതിപാടുവി.

6 എന്നേയുമെനിയ്ക്കുള്ളതെല്ലാം
നന്ദിസൂചകമായടിയൻ– നിൻെറ
സ്നേഹമേറിടുന്ന ദിവ്യഹൃദയത്തിൽ
കാഴ്ചയണയ്ക്കുന്നിതാ– സ്തുതിപാടുവി.

### 3. പ്രാത്ഥന.

(ത്രുകണശോപിത താരകമേ)

തരണമേ തുണനീയുടനേ
കരുണാകരനേ

1 അടിയനീയുലകത്തിൽ– കേടുക്കൂടാതെ നിൻെറ
അടിമലർ വണങ്ങുവാൻ– തരണേ തരണമേ...

2 ഒരുനാളും പാപത്തിൻെറ– ക്രൂരമാം വാഴ്ചയെൻെറ
കരളതിലണയായ്വാൻ– തരണേ...

3 നിലയോടു ചേരുന്നോരു– വേലജോലികളെല്ലാ–
മലസതവിട്ടുചെയ്യാൻ– തരണേ ..

4 പാടുപീഡകളെല്ലാം– കൂടീടുംമുദാ സഹി
ച്ചീടുന്നതിനുവേണ്ടി– തരണേ...

5 ഉള്ളാകെപ്പുണ്യമാകും– കല്ലുകൾ പതിച്ചിട്ടു
കൊള്ളുവാനനല്പമായ്– തരണേ...

6 ചാരുതചൊരിയുന്ന– പരിശുദ്ധ ഭവനമായ്
നിരന്തരംവാണിടുവാൻ– തരണേ...

7 സത്യതിരുസഭയീ– പാത്തലമതിലെങ്ങും
നിത്യംപരന്നിടുവാൻ-- തരണേ...

8 പരിശുദ്ധ പിതാവായ– മാപ്പാപ്പാ തിരുമേനി
പരമകീത്തിയാ വാഴാൻ– തരണേ...

9 ജ്ഞാനപാലകരെല്ലാം= സാനന്ദമാടുകളെ–
യാനന്ദം ഭരംചെയ്വാൻ– തരണേ...

10 മന്നവവരരെല്ലാം– മന്നിനുസമാധാനം
തന്നിഹവിളങ്ങുവാൻ– തരണേ.

11 ദുഷ്ടപ്പിശാചുതൻെറ– തട്ടിപ്പിൽക്കിടക്കുന്ന
ക്കൂട്ടക്കാർ തിരിഞ്ഞീടാൻ– തരണേ...

12 ധരണിവാസം വെടിഞ്ഞു– പരലോകത്തിലേക്കിന്നു
പുറപ്പെടാനിരിപ്പോർക്കു– തരണേ...

13 ശുദ്ധീകരാഗ്നിതന്നിൽ– വെന്തീടും ജനങ്ങൾക്കു
നിത്യഭാഗ്യത്തിലെത്താൻ– തരണേ. . .
14 വിണ്ണിങ്കൽ വന്നുനിന്നെ– കണ്ണോടുകണ്ണുകണ്ടു
ദണ്ഡമൊഴിഞ്ഞുപാർപ്പാൻ= തരണേ. . .

# III അനുതാപസങ്കീർത്തനങ്ങൾ.

## 1 ആറാം സങ്കീർത്തനം.

(പാന. ആദംചെയ്തു പിഴയാലെ വന്നതും)

1 അരിശത്തിൽ നീയെന്നെശ്ശാസിക്കയും
നിൻെറകോപത്തിലെന്നെ ശിക്ഷിക്കയും
2 ചെയ്തീടൊല്ലാ നീ കർത്താവേ! രോഗിഞാ–
നാകയാലെന്മേൽ കൃപയുണ്ടാകണേ
3 അസ്ഥികളെൻെറതിളകീടുന്നല്ലോ!
സ്വസ്ഥനാക്കിയാലുമെന്നെനീ നാഥാ!
4 അത്യന്തമിളകീടുന്നെന്നാത്മാവു–
മെന്നാലെത്രനാൾ? നീയെൻെറ കർത്താവേ!
5 എൻെറ നേരെ തിരിഞ്ഞാലും നായക!
എൻെറയാത്മാവിനെ നീ രക്ഷിക്കുക.
6 അയ്യോ നിന്നുടെ കാരുണ്യമോർത്തുടൻ
എന്നെ നീയിങ്ങുരക്ഷിച്ചരുളണേ
7 നിനയ്ക്കാം നിന്നെ മൃത്യുനേരത്താരും
നരകത്തിലാർ നിന്നെസ്തുതിച്ചീടും?
8 ക്ഷീണിച്ചു ഞാനെൻപ്രലാപങ്ങൾ മൂലം
രാത്രിതോറുമെൻ മെത്തനനച്ചുഞാൻ.
9 കണ്ണുനീരാലെൻ ശയ്യയെ ചീച്ചിതേ
കോപത്താലെൻെറ കണ്ണുപീഡിച്ചല്ലോ.
10 ശത്രുവൃന്ദങ്ങളാൽ കലക്കപ്പെട്ടേൻ
തിന്മചെയ്യുന്നോരെല്ലാമകലട്ടേ
11 എന്തുകൊണ്ടെന്നാലെൻ പ്രലാപത്തിൻെറ
ശബ്ദത്തെച്ചെവിക്കൊണ്ടിതു കർത്താവു
12 കർത്താവെന്നുടെ പ്രാർത്ഥനയെകേട്ടു
കർത്താവെന്നുടെ യാചന കൈക്കൊണ്ടു

13 എൻെറ ശത്രുജനങ്ങളൊക്കപ്പാടേ
ഏററംലജ്ജിച്ചുപരിഭ്രമിച്ചീടും
14 അവർതൽക്ഷണംപിന്തിരിഞ്ഞുപോകും
വേഗത്തിലവർ നാണിച്ചുപോയിടും.

## 2. മുപ്പത്തിരണ്ടാം സങ്കീർത്തനം

(ഒപ്പീസ് — പൂശ്‌വശ് ലാമ്മാ ഉമറാസ്‌ൽമാ.)

ദുഷ്കൃത്യം മോചിക്കപ്പെട്ടും
പാപമെല്ലാംമൂടപ്പെട്ടും
ഏതൊരുത്തനാണുള്ളതു
ആമനുഷ്യൻ ഭാഗ്യക്കാരൻ 1
കുററംകർത്താവാരോപിക്കാ
തുള്ളിൽകള്ളമേശിടാതെ
ഉള്ളോനാരോ ആ മനുഷ്യൻ
ഭാഗ്യവാൻതാനായീടുന്നു. 2
പാപമോചനത്തിന്നായി
പ്രാർത്ഥിക്കാതെ നാളെല്ലാം
ഞാൻപ്രലാപം ചെയ്കയാലെ—
ന്നസ്ഥിയെല്ലാം ക്ഷീണമായി. 3
രാപകൽനിൻകയ്യെൻെറമേൽ
ഭാരപ്പെട്ടകാരണത്താൽ
എന്നെക്കൊൽവാനുള്ളതിങ്കൽ
പിന്തിരിഞ്ഞുവ്യാകുലങ്ങൾ. 4
എന്നുടേയ പാപങ്ങളെ
നിന്നോടുഞാനറിയിച്ചു
എൻെറ ദ്രോഹകൃത്യങ്ങൾഞാൻ
നിന്നിൽനിന്നുമൂടിയില്ല 5
എൻേറകുററം കർത്താവിനോ
ടേററുഞാൻപറഞ്ഞുകൊള്ളും
എന്നുചൊന്നേനപ്പോൾനീയെൻ
പാപമെല്ലാംമോചിച്ചിതാ. 6
തന്നിമിത്തംനിൻെറയിഷ്ട
മായിട്ടുള്ളോരെല്ലാവരും
തക്കതായനേരംതന്നെ
നിൻെറ പക്കൽപ്രാർത്ഥിക്കട്ടെ 7
എന്നാകിലോസംഖ്യയററ
വെള്ളപ്രവാഹങ്ങളായ
ദുഃഖസങ്കടങ്ങളൊന്നു—
മായവർക്കടുക്കയില്ല. 8
എന്നെ നീ സംരക്ഷിച്ചാല്പ—
മെന്നുടേയ ശത്രുക്കളിൽ
നിന്നൊക്കെ നീയെന്നെപ്പരി
പാലിച്ചുകൊണ്ടീടേണമേ. 9
നിന്നെഞാനറിഞ്ഞീടുന്ന
തിന്നുവേണ്ടിയിട്ടിഹ
കീർത്തിരക്ഷയെന്നിവയാൽ
ചുററിടേണേനീയിവനേ. 10
നീനടന്നീടേണ്ടമാർഗ്ഗം
നിന്നെഞാനറിയിച്ചീടാം
എന്നുടേയ കണ്ണുകൾഞാൻ
നിന്നുടെമേൽവച്ചുകൊള്ളാം 11
ബുദ്ധിഹീനരായീടുന്ന
കുതിരയ്ക്കും കഴുതയ്ക്കും
ഒപ്പമായി നിങ്ങളിഹ
തീർന്നിടാതിരിക്കവേണം. 12
ബാല്യകാലംമുതൽക്കവർ
കടിഞ്ഞാണിട്ടുതുകളെ
അമർത്തീടുന്നവയെന്നാ
ലടുക്കുന്നില്ലതിനോടു 13

ദുഷ്ടനായുള്ളവൻതൻെറ
കഷ്ടതകളനവധി
ചുററിടുന്നു നന്മയെന്നാൽ
കർത്താവിലാശ്രയിപ്പോനേ. 14

നീതിമാന്മാർ സന്തോഷിപ്പിൻ
കർത്താവിങ്കലാനന്ദിപ്പിൻ
ഉള്ളുചൊവ്വായുള്ളവരേ
നിങ്ങളങ്ങേ സ്തുതിക്കുവിൻ! 15

## 3. മുപ്പത്തെട്ടാം സങ്കീർത്തനം.

(മരണപർവ്വം— അന്തഗാ ഹൃദചാത്മ.)

1 കർത്താവേ കോപത്തിലെന്നെ ശാസിക്കല്ലേ
ക്രോധത്തിലെന്നെ നീ ശിക്ഷിക്കല്ലേ
2 എന്തുകൊണ്ടെന്നാൽ നിന്നസ്ത്രങ്ങൾ വന്നിതാ-
യെന്നുടെമേൽതറഞ്ഞിരിക്കുന്നു
3 നിൻെറ കയ്യെൻെറമേൽ ഭാരമായിവീണു
നിൻെറ കോപമതുമൂലമായി
4 എൻെറ മാംസത്തിന്നു സൌസ്ഥതയില്ലെന്നാ-
യെൻെറ പാപങ്ങൾ നിമിത്തമായി
5 എന്നുടെയസ്ഥികൾക്കില്ല സമാധാനം
കുററങ്ങളെൻെറ തലക്കുമേലായ്
6 കനത്തഭാരം പോലെൻെറ മേലായവ
വന്നുമഹാഭാരമായിത്തീർന്നു
7 എന്നുടെ വ്രണങ്ങൾ ചീഞ്ഞുദുർഗ്ഗന്ധമായ്
പാപങ്ങൾകൊണ്ടേററമിളകിടുന്നേൻ
8 നാളെല്ലാം ദുഃഖിതനായി നടന്നുഞാൻ
സംഭ്രമംപൂണ്ടെൻ കുതികാലുകൾ
9 ദേഹത്തിനല്പവും സ്വൈരമില്ലെന്നായി
ക്ഷോഭിച്ചുഞാനേററംക്ഷീണിച്ചിതേ
10 മാനസംതന്നിലേ ഖേദം മുഖാന്തിരം
വാവിട്ടുഞാനങ്ങലറിപ്പോയി
11 കർത്താവേ! എന്നുടെയാഗ്രഹമൊക്കെയും
നിന്നുടെ മുമ്പാകെയാകുന്നല്ലോ
12 ഞാൻ കേൾപ്പിച്ചിടുന്ന പ്രലാപശബ്ദങ്ങൾ
നിന്നിൽനിന്നേതും മറഞ്ഞതല്ല
13 എന്നുള്ളംഞെട്ടിയെൻ ശക്തിയെന്നെവിട്ടു
കണ്ണുകൾ കാഴ്ചയെ കൈവെടിഞ്ഞു

14 സ്നേഹിതരിഷ്ടന്മാരൊക്കെയെൻദുഃഖത്തിൽ
നേരേയെതിരായി വന്നുനിന്നു
15 എന്റെ സമീപസ്ഥരായ ജനങ്ങളും
ദൂരത്തിലായ് വന്നുനിന്നിരുന്നു
16 എൻപ്രാണനെത്തേടി തിന്മയെനിക്കായി
ആശിച്ചവന്നവരാമാളുകൾ
17 എന്നെപ്പിടികൂടി ദുഷ്ടത ജല്പിച്ചു
നാളെല്ലാം വഞ്ചനയാലോചിച്ചു.
18 ഞാനോകേൾക്കാതിരുന്നു ചെകിടനെപ്പോലും
ഊമനെപ്പോൽ വാതുറന്നില്ലഞാൻ
19 കേൾവിയും വായതിൽ ശാസനാവാക്യവു-
മില്ലാത്തോനോടൊപ്പം ഞാനിരുന്നു.
20 എന്തുകൊണ്ടെന്നാലെൻകർത്താവേ നിന്നിൽഞാ-
നെന്റെ ശരണത്തെനിക്ഷേപിച്ചു
21 കർത്താവായീടുന്ന മാമകദൈവമേ
കേട്ടരുളുകയും ചെയ്യുന്നു നീ
22 എന്തെന്നാലെന്റെയടികളിളകിയാൽ
ശത്രുക്കളാനന്ദം പൂണ്ടുകൊണ്ട്
23 എന്റെ മേലൈശ്വര്യം പ്രാബല്യം പ്രാപിച്ചു
പോകല്ലേയെന്നിദം ഞാൻപറഞ്ഞു
24 എന്തെന്നാൽപാടുപെട്ടീടുവാൻ ഞാൻതയ്യാ-
റെപ്പോഴുമെൻപീഡകൺമുമ്പാകെ
25 എന്തെന്നാലെന്നുടെ കുററങ്ങളൊക്കെഞാൻ
നിന്നുടെ മുമ്പാകെ കാണിച്ചീടും
26 എന്നുടെ പാപകൃത്യങ്ങളിൽനിന്നുഞാൻ
സംശുദ്ധനായി ഭവിച്ചരുളും
27 ശക്തിപ്പെട്ടുവൈരിവൃന്ദങ്ങൾ നോക്കിനാർ
വർദ്ധിച്ചന്യായമററരിപുക്കൾ
28 നന്മ ഞാൻ ചെയ്യുതിന്നുപ്രതികാരമായ്
തിന്മയെനിക്കവർചെയ്യുകൊണ്ടു
29 സൽകൃത്യംഞാനിഹചെയ്യുതുകാരണ-
മെന്നെയവരൊക്കെദ്വേഷിച്ചിതേ
30 എന്നുടെദൈവമായീടുന്നകർത്താവേ

യെന്നെ നീ കൈവെടിഞ്ഞീടരുതേ
31 എന്നിൽനിന്നു നീയകലരുതേ വേഗത്തിൽ
വന്നുസഹായിച്ചുരക്ഷിക്കുക.

## 4. അൻപത്തൊന്നാം സങ്കീർത്തനം

(ഒപ്പീസ് — ലാതെക്കറേ ലീക്യാനാദവ്ലി)

1 ദൈവമേനിൻനന്മപോൽ മേകൃപചെയ്ക
നിൻദയാധിക്യത്തിനൊത്തെൻപാപംമാച്ച
2 എൻദുഷ്ടതയിൽനിന്നെന്നെനീകഴുകി
എൻപാപങ്ങളിൽനിന്നു ശുദ്ധീകരിക്ക
3 എന്തെന്നാലെൻ ദ്രോഹങ്ങൾ ഗ്രഹിച്ചീട്ടന്നേ—
നെൻപാപങ്ങളെപ്പോഴുമെൻ കൺമുമ്പാകെ
4 പാപങ്ങൾ ഞാൻചെയ്തതെല്ലാംനിന്നോടല്ലേ
നിന്നുടേയമുമ്പിലല്ലോ തിന്മചെയ്തേൻ
5 നീനിൻവാക്കിൽനീതിമാനും നിൻവിധിയിൽ
ജയശാലിയുമാവാൻ മേകൃപചെയ്ക
6 എന്തെന്നാൽ ഞാൻ തിന്മയിങ്കലുത്ഭവിച്ചു
പാപങ്ങളിലെന്നെ മാതാവുല്പാദിച്ചു
7 നീയോയെന്നാൽ നീതിയിങ്കൽ പ്രസാദിച്ചു
നിൻജ്ഞാനരഹസ്യങ്ങൾ മേഗ്രഹിപ്പിച്ചു
8 സോപ്പാംകൊണ്ടു നീയെന്നെത്തളിച്ചീടുക
ഞാനതിനാൽശുദ്ധീകൃതനായിത്തീരും
9 എന്നെനീയതുകൊണ്ടുകഴുകീടുക
മഞ്ഞിനേക്കാൾ വെണ്മയായിത്തീർന്നീടുംഞാൻ
10 നിൻെറ ദിവ്യാനന്ദസന്തോഷങ്ങൾകൊണ്ടി—
ങ്ങെന്നെനീസംതൃപ്തനാക്കിത്തീർത്തീടുക
11 താഴ്ത്തപ്പെട്ടവാഴുവതാമെന്നുടയോ—
രസ്ഥികൾക്കതുനിമിത്തംതുഷ്ടിയുണ്ടാം
12 എൻെറ പാപകൃത്യങ്ങളിൽനിന്നുടനേ
നിൻതിരുമുഖത്തെ നീതിരിച്ചരുൾക
13 ഞാൻ ചെയ്തുപോയിട്ടുള്ളോരു ദ്രോഹകർമ്മ
മൊക്കവേനീമായിച്ചുകളഞ്ഞീടേണേ

14 ദൈവമേനീപരിശുദ്ധമായിട്ടുള്ളോ–
രാത്മത്തെയെന്നുള്ളംതന്നിൽസൃഷ്ടിക്കുക
15 പാവനമായീടുന്നൊരുനിന്നരൂപി–
യെന്നകമേനീനവീകരിച്ചീടുക
16 നിന്റെ തിരുസന്നിധിയതിങ്കൽനിന്നു–
മെന്നെയങ്ങുതള്ളിനീകളഞ്ഞീടല്ലേ
17 എന്നിൽനിന്നു നീയെടുത്തുമാററീടല്ലേ
എത്രയുംവിശുദ്ധമായ നിന്നരൂപി
18 നീനിന്നുടെയാനന്ദവും രക്ഷയതു–
മെന്നിലേക്കു വീണ്ടുമയച്ചീടണമേ
19 ആരാധനായോഗ്യമായനിന്റെദിവ്യ
ചേതസ്സായതെന്നെയിങ്ങുതാങ്ങീടട്ടെ
20 എങ്കിലോ ഞാൻദുഷ്ടരായ മർത്ത്യർക്കിഹ
നിന്റെ നല്ലമാർഗ്ഗമതുപഠിപ്പിക്കും
21 പാപികളായ് വാണുകൊണ്ടീടുന്ന ജനം
നിന്റെപക്കലേക്കു തന്നെ പിന്തിരിയും
22 നീതിയുടെ ദൈവമാകുമെൻ ദൈവമേ–
യെന്നെ രക്തത്തിങ്കൽ നിന്നു കാത്തീടേണേ.
23 അപ്പൊഴുതുനിന്റെ മഹാനീതിതന്നെ–
യെന്റെ നാവുപാടിയിങ്ങുകൊണ്ടാടീടും
24 കർത്താവേയെൻ ചുണ്ടുനീ തുറന്നരുൾക
എന്റെവാ നിൻ സ്തോത്രങ്ങളേ പാടിക്കൊള്ളും
25 എന്തെന്നാൽ നീ പൂജകളേ കാംക്ഷിച്ചില്ല.
ഹോമബലികൊണ്ടും തൃപ്തനായില്ലനീ
26 താഴ്മയുള്ള മാനസമായീടുന്നിതേ
ദൈവത്തിന്നുവേണ്ടിയുള്ള പൂജയെല്ലാം
27 താപത്താൽ തകർന്നതായ മാനസത്തെ
സർവ്വനാഥൻ സന്ത്യജിച്ചീടുന്നതല്ല.
28 കർത്താവേ! നീ നിന്റെ ചിത്തം പ്രസാദിച്ച്
നന്മസെഹിയോനു ചെയ്യരുളേണമേ
29 ഓറശലം പട്ടണമതിന്നുടയ
ഭിത്തികളെ നീ പണികഴിപ്പിക്കേണേ.
30 നീതിയുടെ പൂജകളും ഹോമബലി

യെന്നിവനിനക്കു പ്രസാദിക്കുമെപ്പോൾ
31 അപ്പോൾനിൻെറ പീഠങ്ങളിൽ കാളകളേ
കാഴ്ചയായിക്കൊണ്ടുവന്നർപ്പിച്ചിടും.

## 5. നൂററിരണ്ടാം സങ്കീൎത്തനം.

(അമ്മകന്നി മണിതൻെറ)

1 കേൾക്കനാഥാ! മാമകമാം പ്രാൎത്ഥന നീ നിൻെറപക്ക-
ലെത്തിടട്ടേ ഞാൻവിടുന്ന നെടുവീൎപ്പെല്ലാം
2 ഞാൻഞെരുങ്ങും നാളിതിങ്കൽ നിൻെറതിരുമുഖമേതു-
മെന്നിൽനിന്നു നീതിരിച്ചു കളഞ്ഞിടല്ലേ
3 നിന്നെഞാൻ വിളിച്ചിടുമ്പോൾ നിൻെറ ചെവിയെന്നിലേയ്ക്കു
ചായിച്ചുനീ വിരവോടേ ശ്രവിച്ചിടേണേ
4 എന്തെന്നാലെൻ വാസരങ്ങൾ പുകപോലെ മാഞ്ഞുപോയി
വെന്തുപോയങ്ങടുപ്പുപോലസ്ഥികളെല്ലാം
5 പുല്ലുപോലെ വാടിയെൻെറ മാനസതാരുണങ്ങിപ്പോ-
യെൻെറയപ്പം ഭുജിപ്പാൻഞാൻ മറന്നുപോയി
6 എൻപ്രലാപസ്വരമതു മൂലമായി മാംസമെല്ലാ-
മസ്ഥിയോടു പററിയങ്ങു പിടിച്ചുപോയി
7 വനത്തിലേ കാകനോടു തുല്യനായിത്തീൎന്നിതേഞാ-
നരണ്യത്തിൽ മൂങ്ങായോടു സദൃശനായി
8 ഭയന്നുഞാൻ വീടുതൻ മേൽക്കൂടതിങ്കലിരിക്കുന്ന
കുരികിലിനോടു തുല്യമേകനായ്തീൎന്നു.
9 നാൾമുഴുവൻ ശത്രുവൃന്ദമെന്നെയാക്ഷേപിച്ചുവന്നു
സ്തുതിച്ചോരുമെനിക്കെതിരാണയിട്ടല്ലോ.
10 എന്തെന്നാലെന്നെ ഉയൎത്തിതാഴത്തിയൊരു നിന്നുടയ
കോപവും ക്രോധവുമോൎത്തിട്ടപ്പമെന്നോണം
11 ഭുജിച്ചുഞാൻ ക്ഷാരമെൻെറ പാനിയത്തെയെന്നുടയ
ബാഷ്പധാരയോടുകൂടി കലൎത്തിവന്നു.
12 എനിക്കുള്ള ദിവസങ്ങൾ നിഴൽപോലെ ചാഞ്ഞുപോയി
പുല്ലുപോലെ ഞാനുമയ്യോ വരണ്ടുപോയി
13 നിന്നീടുന്നു നിരന്തരം നീയെങ്കിലും സൎവ്വനാഥാ
നിൻെറയോൎമ്മ കാലാകാലത്തോളമാകുന്നു.
ഉയൎന്നു നീ സെഹിയോന്മേൽ കരുണ ചിന്തീടവേണ-

മായതിന്മേൽ കൃപചെയ്വാൻ സമയമായി
15 എന്തെന്നാൽനിൻ ദാസരതിൻകല്ലുകളിലിഷ്ടപ്പെട്ടു
ആയതിന്റെ പൊടിയവർ സ്നേഹിച്ചുവന്നു.
16 പുറജാതിജനംനാഥാ! നിന്റെനാമം ഭയപ്പെട്ടു
മന്നിലെരാജാക്കൾ നിന്റെ മഹത്വത്തേയും
17 സെഹിയോനേപ്പണിചെയ്തുകൊണ്ടരുളും കർത്താവുതാൻ
തൽപ്രതാപത്തോടുകൂടെ പ്രത്യക്ഷനാകും
18 അഗതികൾ ചെയ്തിടുന്ന പ്രാർത്ഥനയ്ക്കു തിരിഞ്ഞിടു–
മവരുടെ യാചനകൾ ത്യജിക്കയില്ല.
19 അന്യസന്തതിക്കുവേണ്ടിയെഴുതപ്പെട്ടിടുമിതു
സ്തുതിക്കുംനാഥനെ മേലിൽ ഭവിക്കുംജനം
20 കർത്താവിനെ സേവിപ്പാനായ് പുറജാതിജനങ്ങളും
രാജ്യങ്ങളുമൊരുമിച്ചുകൂടുന്നനേരം
21 സെഹിയോനിൽ തന്റെപേരും ഓർശലേമ്മിൽതൻസ്തുതിയും
ചെന്നവിടെ അറിയിച്ചിടുന്നതിന്നായി
22 ബന്ധനസ്ഥജനങ്ങടെ നെടുവീർപ്പു കേൾക്കുവാനും
മൃത്യുവിൽനിന്നു സുതരെ വിടുവിപ്പാനും
23 തന്റെ ശുദ്ധസ്ഥലത്തിന്റെയുന്നതത്തിൽനിന്നുകൊണ്ടു
വിണ്ണിൽനിന്നീയുലകത്തെ നോക്കികർത്താവു
24 മന്നിലെന്റെ ശക്തിയവർ ക്ഷയിപ്പിച്ചാ,രെന്നൊടുനീ–
യെന്നുടെനാളിൽ ചുരുക്കമറിയിക്കേണേ.
25 എൻദിനങ്ങളുടെമദ്ധ്യേയെന്നെനീക്കികളയല്ലേ
നിന്റെ വത്സരങ്ങൾ കാലാകാലപര്യന്തം
26 ആദിയിങ്കൽ ധരണിയെ നീ ചമച്ചു നിന്നുടേയ
കൈകളുടെ പ്രവൃത്തിയാണംബരമതും
27 അവയെല്ലാം കടന്നുപോം, നിലനിന്നീടുന്നുനീയോ
വസ്ത്രംപോലെയവയെല്ലാം പഴതാകുന്നു.
28 ഉടുപ്പിനു തുല്യമായിട്ടവ മാററപ്പെട്ടിടുന്നു.
നീയെന്നാലുമിരിക്കുന്നപോലിരിക്കുന്നു.
29 നിന്റെ സംവത്സരങ്ങൾക്കിങ്ങവസാനം വരുന്നില്ല
നിന്റെ ദാസന്മാരുടയ പുത്രരായുള്ളോർ
30 ഭൂമിയിങ്കൽ വസിച്ചീടുമവരുടെ സന്തതികൾ
നിന്റെ മുമ്പിൽ സ്ഥിരമായി വാണുകൊണ്ടിടും.

## 6. നൂററിരുപത്തൊൻപതാം സങ്കീൎത്തനം.

(ബാറോവ്ത്താ ബ്രാശീസ് ഗവ്ലേ ആലാഹാ)

1 ആഴത്തിൽനിന്നു കൎത്താവേ നിന്നേ— ഞാൻ വിളിച്ചിതേ
നാഥാ അൻപോടേയെൻെറ ശബ്ദത്തേ— കേട്ടരുളി നീ.
2 ശ്രദ്ധിച്ചീടട്ടെ നിൻെറ കൎണ്ണങ്ങ— ളെൻെറ പ്രാൎത്ഥന.
നാഥാ! പാപംനീനോക്കീട്ടന്നെങ്കി— ലാരു നിന്നീടും
3 എന്തെന്നാൽ നിൻെറ പക്കലാകുന്നു— പാപമോചനം.
കൎത്താവിങ്കലെൻ പ്രത്യാശയെല്ലാം— വച്ചുകൊണ്ടുഞാൻ
4 എൻെറയാത്മാവിന്നങ്ങേവാൎത്തയേ— കാത്തുവാണിതേ
പ്രഭാതംമുതൽ പ്രഭാതംവരേ— യങ്ങീന്നെന്നാശ.
5 ഇസ്രായേൽജനമാശ്രയിക്കട്ടെ— കൎത്താവുതന്നി—
ലെന്തുകൊണ്ടെന്നാലങ്ങേ കൈവശം— കാരുണ്യമുണ്ടു.
6 രക്ഷ, തന്നുടെപക്കലുണ്ടല്ലോ— സംഖ്യയില്ലാതെ—
യാപത്തൊക്കയിൽ നിന്നിസ്രായേലേ— നാഥൻ രക്ഷിക്കും.

## 7. നൂററിനാല്പത്തിരണ്ടാം സങ്കീൎത്തനം.

(നരകപൎവ്വം- വിഷ്ടപത്രയനാഥാ.)

1 എന്നുടെയപേക്ഷയേ കേട്ടരുളുക നാഥാ!
എൻെറ പ്രാൎത്ഥനയേ നീ ശ്രദ്ധിച്ചുകേൾക്കേണമേ.
2 നിൻവചനത്തിനാലും നിന്നുടെനീതിയാലും
ഉത്തരിച്ചരുളുകവേണമേ നീയെന്നോടു.
3 കേററല്ലേവിധിയിൽ നീ നിന്നുടെ ശുശ്രൂഷിയേ
എന്തെന്നാൽ ജയിക്കില്ല നിൻമുമ്പിൽ ജീവിയൊന്നും.
4 ശത്രുവായവനെൻെറയാത്മത്തെ പീഡിപ്പിച്ചാ—
നെൻെറജീവനേയവൻ ഭൂവനമതിൽതാഴ്ത്തി.
5 നിത്യകാലപൎയ്യന്തം മൃതനായോനേപ്പോലേ—
യന്ധകാരത്തിൽകൊണ്ടെയിരുത്തിയവനെന്നെ.
6 എന്നുടെ ചിത്തമെനിക്കെതിരായി ക്ലേശിച്ചു
എൻെറ മാനസമെനിക്കുകമേ സംഭ്രമിച്ചു
7 ആരംഭംമുതൽ നിന്നെസ്മരിച്ചു ഞാൻ കൎത്താവേ!
നിന്നുടെകൃതികളേയഖിലം ചിന്തിച്ചുഞാൻ

8 നിൻകരകൃത്യങ്ങളെ ധ്യാനിച്ചുകൊണ്ടു ഞാനെൻ
കൈകളെ നിന്റെ സന്നിധാനത്തിലേക്കുനീട്ടി
9 ഭൂമിയെപ്പോലെനിന്നെ ദാഹിക്കുന്നെന്റെയാത്മം
കർത്താവേ! വേഗത്തിൽ നീ കേട്ടിടേണമേയെന്നെ
10 എന്തെന്നാലെന്റെജീവൻ തളൎന്നുപോയീപാരം
നിൻതിരുമുഖമെന്നിൽനിന്നു നീ തിരിക്കല്ലേ
11 കുഴിയിലിറങ്ങുന്ന ജനങ്ങളോടുകൂടെ
ഞാനും കയ്യാളിക്കപ്പെട്ടീടാതെയിരിക്കട്ടെ
12 ഉഷസ്സിൽ നിന്റെകൃപയെന്നെനീ കേൾപ്പിക്കണ
മെന്തെന്നാൽ നിന്നിലത്രേ ശരണംവച്ചുതിവൻ
13 ഞാൻനടക്കേണ്ട നിന്റെ മാൎഗ്ഗംനീ കാണിക്കുക.
കർത്താവേ നിന്നിലേയ്ക്കെൻ ചിത്തതാരുയൎത്തിടുന്നേൻ
14 രക്ഷിച്ചാലും നീയെന്റെ ശത്രുക്കളിൽനിന്നെന്നെ
നിൻ ചിത്തമനുഷ്ഠിപ്പാനെന്നെനീ പഠിപ്പിക്ക
15 നീയെന്റെ ദൈവമാകുന്നാഴസ്സിൻവഴിയതി–
ലെന്നെനിന്നിമ്പമേറുമരൂപി നടത്തട്ടെ
16 കർത്താവേ നിൻനാമമോർത്തെന്നെയാശ്വസിപ്പിക്ക
നിന്റെനീതിയേക്കുറിച്ചെന്നുടെയാത്മത്തെ നീ
17 ദുഃഖത്തിൽനിന്നു പുറപ്പെടുവിച്ചരുളുക
നിന്റെ കാരുണ്യത്താലെ മൌനപ്പെടുത്തിയാലും
18 എന്നെ ദ്വേഷിക്കുന്നോരാമെന്നുടെ ശത്രുക്കളേ
നീ നശിപ്പിക്കേണമേ, ഞാൻ നിന്റെ ദാസനത്രേ.

Printed and Published for the Proprietor by P. K. Joseph
at St. Joseph's Press, Mannanam. 1921.

## മാന്യമിത്രങ്ങളോടു്.

ഗ്രന്ഥാവലിവക എട്ടാമത്തെ പുസ്തകമാണു ഇത്തവണ പുറപ്പെടുന്നതു്. ഈ വിഷയത്തിൽ ഞങ്ങളെ സഹായിക്കുമെന്നു ഞങ്ങൾക്കു പൂർണ്ണവിശ്വാസമുള്ള ചുരുക്കം ചില മാന്യന്മാർക്കു ഇങ്ങോട്ടാവശ്യപ്പെടാതെതന്നെ ആരംഭം മുതൽ ഞങ്ങൾ പുസ്തകങ്ങളയച്ചുകൊടുത്തിട്ടുണ്ടു്. അതിൽ പലരും വരിപ്പണമായിട്ടും സംഭാവനയായിട്ടും ഓരോ തുക അയച്ചുതന്നു ഞങ്ങളെ സഹായിച്ചിട്ടുമുണ്ടു്. പുസ്തകങ്ങൾ കൈപ്പററിയ വിവരത്തിനു ഒരു മറുപടിപോലും ഇതേവരെ അയച്ചുകാണാത്തവർക്കു ഇനിയും അയക്കണമോ എന്നു ഞങ്ങൾ ശങ്കിക്കുന്നു. ആകയാൽ അങ്ങനെയുള്ളവരുടെ കാര്യത്തിൽ ഞങ്ങൾ എന്തു ചെയ്യണമെന്നു അടുത്ത ലക്കത്തിനു മുമ്പായി അവരുടെ ഒരു മറുപടി കിട്ടിക്കാണ്മാനപേക്ഷയുണ്ടു്.

എന്നു്, കർമ്മലകുസുമം മാനേജർ, മാന്നാനം.

---

## കുസുമഗ്രന്ഥാവലി പ്രസിദ്ധീകരണങ്ങൾ.

1. "യാക്കോബായസഭ". (ഫാദർ ബർണ്ണാർഡ് സി. ഡി.)
2. "ദേവമാതാവിൻ വണക്കമാസപ്പാട്ടുകൾ" (തീർന്നുപോയി) (ഫാദർ സൈമൺ സി. ഡി.)
3. "പ്രോട്ടസ്റ്റൻറുമതവും വേദപുസ്തകവും." (ഫാദർ തോമസ് മണ്ണഞ്ചേരി)
4. "ഭാരതഹൃദയം" (സി. അന്തപ്പായി ബി. ഏ. ഭാഷാന്തരം ചെയ്തതു്)
5. "അൽമേനികളും വേദപ്രചാരവും." (ഫാദർ പഞ്ഞിക്കാരൻ എം. ഏ.)
6. "ഹിന്തുമതം." (കെ. അയ്യപ്പൻ ബി. ഏ.)
7. "കത്തോലിക്കസഭ" (കെ. ഇ. ജോബ് ബി. ഏ.)
8. "ദിവ്യകാരുണ്യ കീർത്തനങ്ങൾ" (ഫാദർ സൈമൺ സി. ഡി.)

ഓരോ പുസ്തകത്തിനും രണ്ടു ചക്രം മാത്രമെ വിലയുള്ളു. ഒരു രൂപായിക്കു ൧൪ പുസ്തകം. അഞ്ചൽക്കൂലി ഇതിനും പുറമെ കൊടുക്കണം. മാനേജർ, കർമ്മലകുസുമം, മാന്നാനം.